പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2735 — 09/05/2017 ൽ മറുപടിക്ക്

## സിനിമയിൽനിന്നുള്ള വരുമാനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. കൃഷ്ണൻകുട്ടി<br>ശ്രീ. സി.കെ.നാണു<br>ശ്രീ. കെ. ശശീന്ദ്രൻ<br>ശ്രീ. കെ.ബി.ഗണേഷ് കുമാർ | കെ.ടി. ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്ത് മുൻസിപ്പാലിറ്റികൾ, കോർപ്പറേഷനുകൾ, പഞ്ചായത്തുകൾ ഇവയിൽ സിനിമയിൽ നിന്നുള്ള വരുമാനം മെച്ചപ്പെടുത്തുവാൻ എന്തൊക്കെ നടപടികൾ ഉദ്ദേശിക്കുന്നു; ഓൺലൈൻ ടിക്കറ്റ് ബുക്കിംഗ്, വെന്റിംഗ് മെഷീൻ ഇവമൂലം ടാക്സ് വെട്ടിപ്പ് നടത്തുന്നില്ല എന്നുറപ്പ് വരുത്താൻ എന്തൊക്കെ ചെയ്യാനുദ്ദേശിക്കുന്നു; സിനിമയിൽ നിന്ന് സംസ്ഥാനത്തിന് ലഭിക്കുന്ന മൊത്തം വരുമാനം എത്രയെന്ന് അറിയിക്കുമോ; | എ) സംസ്ഥാനത്തെ മുൻസിപ്പാലിറ്റികൾ, കോർപ്പറേഷനുകൾ, പഞ്ചായത്തുകൾ എന്നിവയ്ക്ക് സിനിമയിൽ നിന്നുള്ള വരുമാനം കൃത്യമായി ലഭിക്കുന്നതിനു വേണ്ടി തീയേറ്ററുകളിൽ ഇ-ടിക്കറ്റിംഗ് സംവിധാനം നടപ്പിലാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. സിനിമയിൽ നിന്നും ലഭ്യമാകുന്ന വരുമാനം സംബന്ധിച്ച വിശദ വിവരം ശേഖരിച്ചുവരുന്നു. |
| ബി) നിലവിൽ മുൻസിപ്പാലിറ്റികൾ, കോർപ്പറേഷനുകൾ, പഞ്ചായത്തുകൾ ഇവയിൽ പ്രവർത്തിക്കുന്ന തിയേറ്ററുകളിൽ നിന്നുള്ള വരുമാനം സ്ഥാപനങ്ങൾ തിരിച്ച് വിശദമാക്കുമോ; അടുത്ത വർഷം ഇതിൽ എത്ര ശതമാനം വർദ്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നു; ഇതിനായി എന്തൊക്കെ കർമ്മ പദ്ധതികളാണുള്ളത്; ഇതു കേന്ദ്രീകൃതമായി മേൽനോട്ടം വഹിക്കാൻ സംവിധാനമുണ്ടോ; ഇല്ലെങ്കിൽ ഇതു ഏർപ്പെടുത്താൻ എന്ത് ചെയ്യാൻ ഉദ്ദേശിക്കുന്നു? | ബി) വിശദ വിവരം ശേഖരിച്ചുവരുന്നു. ആയത് ലഭ്യമായെങ്കിൽ മാത്രമേ വരുമാനം വർദ്ധിപ്പിക്കുന്നതടക്കമുള്ള വിഷയങ്ങൾ പരിശോധിക്കാൻ കഴിയുകയുള്ളൂ. |

സെക്ഷൻ ഓഫീസർ